## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **18.07.2016 ൽ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 2178**

### അംഗീകാരമില്ലാത്ത സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.വി. ഇബ്രാഹിം | | പ്രൊഫ.സി. രവീന്ദ്രനാഥ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നതിന് എന്തെങ്കിലും വിലക്കുണ്ടോ; വിശദവിവരം നൽകാമോ; | (ബി) | വിദ്യാഭ്യാസ അവകാശ നിയമം 2009 – ലെ സെക്ഷൻ 18 പ്രകാരം അംഗീകാരത്തിനുള്ള അനുമതി പത്രം നേടാതെ ഒരു സ്കൂളും സ്ഥാപിക്കാൻ പാടുള്ളതല്ല. സെക്ഷൻ 18 പ്രകാരം അംഗീകാരമില്ലാത്ത ഒരു സ്കൂൾ സ്ഥാപിക്കുകയോ പ്രവർത്തിക്കുകയോ അല്ലെങ്കിൽ അംഗീകാരം പിൻവലിച്ച ശേഷവും പ്രവർത്തനം തുടരുകയോ ചെയ്യുന്ന ഏതൊരു വ്യക്തിക്കും ഒരു ലക്ഷം രൂപ വരെ ആകാവുന്ന പിഴയ്ക്ക് ബാധ്യസ്ഥനാവുകയും ലംഘനം തുടർന്നും നടത്തുന്ന സംഗതികളിൽ അങ്ങനെ തുടരുന്ന ഓരോ ദിവസത്തേക്കും പതിനായിരം രൂപാ വീതം പിഴ നൽകേണ്ടി വരുന്നതുമാണ്. വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ഇത്തരത്തിലാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്. |
| (സി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത സ്കൂളുകളുടെ, ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | അംഗീകാരമില്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | വിവരശേഖരണത്തിനുശേഷം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

Hema.v

സെക്ഷൻ ഓഫീസർ